# ചൊവ്വന്നൂർ ബ്ലോക്ക്പഞ്ചായത്ത്

# ബജറ്റ്

(2026 - 2027)

# ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് ബജറ്റ് 2026-27



## ശ്രീ.പിണറായി വിജയൻ

ബഹു.കേരള മുഖ്യമന്ത്രി

# ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് ബജറ്റ് 2026-27



**കെ. രാധാകൃഷ്ണൻ**
എം.പി. - ആലത്തൂർ



**സുരേഷ്ഗോപി**
എം.പി. - തൃശൂർ



**എ.സി.മൊയ്തീൻ**
എം.എൽ.എ – കുന്നംകുളം



**മുരളി പെരുനെല്ലി**
എം.എൽ.എ - മണലൂർ



**എം.വി. പ്രശാന്ത്**
ജില്ലാ പഞ്ചായത്ത് മെമ്പർ
കാട്ടകാമ്പാൽ ഡിവിഷൻ



**മീന സാജൻ**
ജില്ലാ പഞ്ചായത്ത് മെമ്പർ
എരുമപ്പെട്ടി ഡിവിഷൻ



**രാഗേഷ് കണിയാംപറമ്പിൽ**
ജില്ലാ പഞ്ചായത്ത് മെമ്പർ
മുല്ലശ്ശേരി ഡിവിഷൻ



**ലീല രാമകൃഷ്ണൻ**
ജില്ലാ പഞ്ചായത്ത് മെമ്പർ
ചൂണ്ടൽ ഡിവിഷൻ

# ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് ബജറ്റ് 2026-27

## ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി



**രഘുനാഥൻ സി.ജി.** - പ്രസിഡന്റ്



**സിമി കെ.ആർ.** - വൈസ് പ്രസിഡന്റ്



**ബിബിൻ കണ്ണൻ**
ചെയർപേഴ്സൺ,
വികസനകാര്യ
സ്റ്റാന്റിംഗ്കമ്മറ്റി



**സന്ധ്യ സജിത്ത്**
ചെയർപേഴ്സൺ,
ക്ഷേമകാര്യ
സ്റ്റാന്റിംഗ്കമ്മറ്റി




**പ്രസാദ് സി.എൻ.**
ചെയർപേഴ്സൺ,
ആരോഗ്യ - വിദ്യാഭ്യാസ
സ്റ്റാന്റിംഗ്കമ്മറ്റി



**പ്രജിത്ത്കുമാർ**
മെമ്പർ



**റംഷിയ ഷിഹാബ്**
മെമ്പർ



**ഘോഷ് പൂവ്വത്തിങ്കൽ**
മെമ്പർ



**ജംഷീറ ഷിഹാബ്**
മെമ്പർ



**ആന്റോ പോൾ**
മെമ്പർ



**മഞ്ജുഷ സുരേഷ്**
മെമ്പർ



**അബ്ദുൾ റഷീദ്**
മെമ്പർ



**രമ വേലായുധൻ**
മെമ്പർ



**പ്രമിത സജീവൻ**
മെമ്പർ



**ജിനി കെ.എസ്.**
മെമ്പർ



**വിജയ ഗോപി**
മെമ്പർ



**അഭിലാഷ് എം.ആർ**
സെക്രട്ടറി & ബി.ഡി.ഒ.

# ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് ബജറ്റ് 2026-27
## ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ



**ബിന്ദു ധർമ്മൻ**
കടവല്ലൂർ
ഗ്രാമപഞ്ചായത്ത്



**സജീപ് എം.പി**
കണ്ടാണശ്ശേരി
ഗ്രാമപഞ്ചായത്ത്



**കെ.എ. ജ്യോതിഷ്**
പോർക്കുളം
ഗ്രാമപഞ്ചായത്ത്



**സിനി പ്രസാദ്**
ചൂണ്ടൽ
ഗ്രാമപഞ്ചായത്ത്




**അഡ്വ. കെ.എം. നൗഷാദ്**
കടങ്ങോട്
ഗ്രാമപഞ്ചായത്ത്



**എ.എം. നിധീഷ്**
ചൊവ്വന്നൂർ
ഗ്രാമപഞ്ചായത്ത്



**സ്വപ്ന രാമചന്ദ്രൻ**
വേലൂർ
ഗ്രാമപഞ്ചായത്ത്



**കെ. ജയശങ്കർ**
കാട്ടകാമ്പാൽ
ഗ്രാമപഞ്ചായത്ത്

## ആമുഖം

വികസന ക്ഷേമ പദ്ധതികളും സേവനങ്ങളും ഉൾപ്പെടെ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അടുത്ത സാമ്പത്തിക വർഷത്തേക്ക് ഉണ്ടാകാനിടയുള്ള എല്ലാ വരവുകളും ചെലവുകളും വിശദീകരിക്കുന്ന ഒരു ഔദ്യോഗിക രേഖയാണ് ബജറ്റ്.

ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ 8 ഗ്രാമപഞ്ചായത്തുകളിൽ ഭവന രഹിതരായവരും സുരക്ഷിത ഭവനം ഇല്ലാത്തവരുമായ ജനത ഇപ്പോഴും കഠിനവും ദയനീയവുമായ ചുറ്റുപാടിൽ ജീവിച്ചുപോരുന്നു എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരിന്റെ ലൈഫ്, പി.എം.എ.വൈ മുതലായ ഭവനപദ്ധതികളിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ഭവനം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് ഈ ബജറ്റ് ഊന്നൽ നൽകുകയാണ്.

കാർഷിക മേഖലയ്ക്ക് ഏറെ പ്രാധാന്യമുള്ള പ്രദേശമാണ് ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് . കോൾ നിലങ്ങളുള്ള കാട്ടകാമ്പാൽ, പോർക്കുളം ഗ്രാമപഞ്ചായത്തുകളും മറ്റ് ഗ്രാമപഞ്ചായത്തുകളിലുള്ള ഇരിപ്പൂനിലങ്ങളും മുണ്ടകൻ കൃഷിയിടങ്ങളും ഈ പ്രാധാന്യം വിളിച്ചോതുന്നു. നെൽകർഷകരെ സഹായിക്കുക എന്ന ലക്ഷ്യം വെച്ചുള്ള പദ്ധതികൾ ഈ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരമ്പരാഗത രീതികളിൽ നിന്നുമാറി സമ്മിശ്ര കൃഷിയേയും മറ്റ് കാർഷിക മേഖലയേയും ആധുനീകവൽക്കരിക്കുന്നതിനും ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ തുക കാർഷിക മേഖലയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

സാധാരണക്കാരന് അപ്രാപ്യമാകുന്ന തരത്തിൽ ചികിത്സാ ചെലവ് അതിവേഗം ഉയരുന്ന ഈ കാലത്ത് പൊതുസംവിധാനങ്ങളെ ശക്തിപ്പെടുത്തി അല്ലാതെ നീതിപൂർവ്വമായ ചികിത്സ ഉറപ്പാക്കാനാകില്ല എന്ന വസ്തുത മനസ്സിലാക്കിക്കൊണ്ട് പഴഞ്ഞി സാമൂഹ്യാരോഗ്യ കേന്ദ്രത്തിനും അനുബന്ധ സ്ഥാപനങ്ങൾക്കും പ്രഥമ പരിഗണന നൽകി ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ ഈ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അടിസ്ഥാന സൌകര്യം മെച്ചപ്പെടുത്താതെ സമഗ്ര വികസനം എന്ന ലക്ഷ്യം ഒരിക്കലും കൈവരിക്കാനാകില്ല . റോഡുകൾ, നടപ്പാതകൾ, പാലങ്ങൾ , തോടുകൾ, കനാലുകൾ, കെട്ടിടങ്ങൾ മുതലായ ആസ്തികളുടെ സംരക്ഷണത്തിനും ഈ ബജറ്റിൽ പണം വകയിരുത്തിയിട്ടുണ്ട്.

സമൂഹത്തിന്റെ പകുതിയിലധികം വരുന്ന സ്ത്രീ ജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ സുസ്ഥിരത ഉറപ്പാക്കുന്നതിനും പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി

ജനവിഭാഗങ്ങൾ, ഭിന്നശേഷിക്കാർ, വയോജനങ്ങൾ, കുട്ടികൾ എന്നിങ്ങനെ സമസ്ത മേഖലയിൽ ഉള്ളവരുടേയും സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനാവശ്യമായ പദ്ധതികൾ ഈ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരം എല്ലാവരേയും അറിയിച്ചുകൊള്ളുന്നു.

**396468441/-** (മുപ്പത്തി ഒമ്പത് കോടി അറുപത്തി എട്ട് ലക്ഷത്തി എൺപത്തി നാലായിരത്തി നാൽപത്തി ഒന്ന് രൂപ) വരവും **392853172/-** രൂപ (മുപ്പത്തി ഒമ്പത് കോടി ഇരുപത്തി എട്ട് ലക്ഷത്തി അമ്പത്തി മൂവായിരത്തി നൂറ്റി എഴുപത്തി രണ്ട് രൂപ) ചെലവും **3615269/- രൂപ** (മുപ്പത്തിയാറ് ലക്ഷത്തി പതിനയ്യായിരത്തി ഇരുന്നൂറ്റി അറുപത്ത് ഒമ്പത് രൂപ ) മിച്ചവും പ്രതീക്ഷിക്കുന്നതാണ് 2026-27 വർഷത്തേക്കുള്ള ഈ ബജററ്.

**ശ്രീ. സി.ജി. രഘുനാഥൻ**

പ്രസിഡണ്ട്, ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്

# ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് ബജറ്റ് - 2026-27

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എല്ലാ സാമ്പത്തിക വർഷാവസാനത്തിന് മുമ്പായി അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിക്കണമെന്ന നിയമപരമായ ഉത്തരവാദിത്തത്തിന്റെ കൂടി ഭാഗമായി ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയ്ക്കുവേണ്ടി 2026 മാർച്ച മാസം 2-ാം തിയ്യതി ഈ ബജറ്റ് അവതരിപ്പിക്കുന്നു.

27/02/2026 തിയ്യതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച 2026-27 സാമ്പത്തിക വർഷത്തിൽ 396468441/- (മുപ്പത്തി ഒമ്പത് കോടി അറുപത്തി എട്ട് ലക്ഷത്തി എൺപത്തി നാലായിരത്തി നാൽപത്തി ഒന്ന് രൂപ) വരവും 392853172/- രൂപ (മുപ്പത്തി ഒമ്പത് കോടി ഇരുപത്തി എട്ട് ലക്ഷത്തി അമ്പത്തി മൂവായിരത്തി നൂറ്റി എഴുപത്തി രണ്ട് രൂപ) ചെലവും 3615269/- രൂപ (മുപ്പത്തിയാറ് ലക്ഷത്തി പതിനയ്യായിരത്തി ഇരുന്നൂറ്റി അറുപത്ത് ഒമ്പത് രൂപ ) മിച്ചവും പ്രതീക്ഷിക്കുന്ന പതിനാലാം പഞ്ചവൽസര പദ്ധതി കാലയളവിലെ മൂന്നാമത്തെ ബജറ്റാണ് ഇവിടെ അവതരിപ്പിക്കുന്നത്, ബജറ്റ് വർഷത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഗ്രാന്റുകൾ , എം.പി, എം.എൽ.എ ഫണ്ടുകൾ. കേന്ദ്രാവിഷ്കൃത ഫണ്ടുകൾ എന്നിവ ഉപയോഗിച്ച് ഉൽപ്പാദന, സേവന, പശ്ചാത്തല മേഖലകളുടെ വികസനത്തിനായും ഈ ബജറ്റ് ലക്ഷ്യമിടുന്നു.

കേന്ദ്രസർക്കാരിന്റെ പുതിയ നികുതി സമ്പ്രദായത്തിലും കേന്ദ്രബജറ്റിൽ കേരളത്തിനുള്ള വിഹിതം നിയന്ത്രിക്കുകയും ചെയ്യുന്ന കാലഘട്ടത്തിലും കേരളത്തിന്റെ വികസനത്തിൽ ഏറെ നിർണ്ണായക പങ്ക് വഹിച്ച ത്രിതല പഞ്ചായത്തുകൾക്ക് കേരള ബജറ്റിൽ മുൻകാലങ്ങളിൽ അനുവദിച്ച പണം തരുന്നതിന് തയ്യാറായ കേരള സർക്കാരിന് ഈ ബജറ്റിലൂടെ നന്ദി അറിയിക്കുകയാണ്. കഴിഞ്ഞ വാർഷിക പദ്ധതിയിൽ ആസൂത്രണം ചെയ്ത പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും നമുക്ക് കഴിയേണ്ടതുണ്ട്.

ഭൂരഹിത, ഭവനരഹിതർ ഇല്ലാത്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പി, എം. എ. വൈ, ലൈഫ് മുതലായ പദ്ധതിയിലൂടെ എല്ലാവർക്കും സുരക്ഷിതമായ പാർപ്പിടം ഒരുക്കുന്നതിനായി ഈ ബജറ്റിൽ പണം വകയിരുത്തിയിട്ടുണ്ട്.

**ആരോഗ്യമേഖല**

സാധാരണക്കാരുടെ ചികിത്സാകേന്ദ്രമായ പഴഞ്ഞി സി.എച്ച്.സി യിൽ രാത്രികാല ഒ.പി. സംവിധാനം ഒരുക്കൽ, പാരാമെഡിക്കൽ ജീവനക്കാർക്ക് വേതനം, സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ, ലാബ് റീ ഏജന്റ് വാങ്ങൽ, കിഡ്നി രോഗികൾക്ക് മരുന്ന് വാങ്ങൽ, പാലിയേറ്റീവ് കെയർ തുടങ്ങിയ പദ്ധതികൾക്കായി ഈ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

ജലസ്രോതസ്സ് കുറഞ്ഞ സ്ഥലമായി മാറിക്കൊണ്ടിരിക്കുന്ന നമ്മുടെ ബ്ലോക്ക് പഞ്ചായത്തിൽ വിവിധ കുടിവെള്ള പദ്ധതികൾക്കും ജലസംരക്ഷണ പ്രവർത്തികൾക്കും ഈ ബജറ്റിൽ മുൻഗണന നൽകുന്നുണ്ട്. അംഗൻവാടി കുട്ടികൾക്കുള്ള അനുപൂരക പോഷകാഹാരം, ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, ഭിന്നശേഷി കുട്ടികളുടെ കലാമേള,വയോജന കലാമേള, വനിതാ സാംസ്കാരികോത്സവം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി തുടങ്ങിയ പദ്ധതികൾക്ക് ഈ ബജറ്റിൽ പണം വകയിരുത്തിയിട്ടുണ്ട്. തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും, തൊഴിൽ പരിശീലനത്തിനും, നൈപുണ്യ വികസനത്തിനുമുള്ള വനിത ഘടകപദ്ധതികൾക്കും ഈ ബജറ്റിൽ പണം വകയിരുത്തിയിട്ടുണ്ട്.

**ജെൻഡർ ബജറ്റ്**

ഇന്ത്യൻ ഭരണഘടനയുടെ ആധാരശിലകളിൽ ഒന്നാണ് സമത്വം. നൂറ്റാണ്ടുകളായി സാമൂഹിക പിന്നോക്കാവസ്ഥ അനുഭവിക്കുന്ന സ്ത്രീ സമൂഹത്തെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്നതും അവരെ സ്വയംപര്യാപ്തമാക്കുക എന്നതും പ്രാദേശിക ഭരണ കൂടങ്ങളുടെ കടമയാണ്. ആധുനീക സമൂഹത്തിന്റെ ഭാഗമായ നമുക്ക് ലിംഗനീതി ഉറപ്പുവരുത്തേണ്ടത് പരിഷ്കൃതസമൂഹത്തിന്റെ ഉത്തരവാദിത്തമാണ്. അതിലേയ്ക്കായുള്ള ചുവട് വെപ്പാണ് ജെൻഡർ ബജറ്റ്. 2026-27 സാമ്പത്തിക വർഷത്തെ വാർഷിക ബജറ്റിൽ വനിത ഘടക പദ്ധതികൾക്കായി 63,82,980/- (അറുപത്തി മൂന്ന് ലക്ഷത്തി എൺപത്തി രണ്ടായിരത്തി തൊള്ളായിരത്തി എൺപത് ) രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

എല്ലാ സാമ്പത്തിക വർഷവും സ്വയം സംരംഭങ്ങൾക്കുള്ള വായ്പാ ബന്ധിത സബ്സിഡി പ്രോജക്ടുകൾ വകയിരുത്തുന്നുണ്ട്. വനിതകളുടെ ആരോഗ്യ സംരക്ഷണത്തിനായി വനിത ജിം പോലുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ തുകയും ഈ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പദ്ധതിവിവരണവും മേഖലാതല വിഭജനവും

2026-27 സാമ്പത്തികവർഷത്തിലെ ബജറ്റ് തയ്യാറാക്കുമ്പോൾ 2025-26 ലെ പദ്ധതികൾ ഭൂരിഭാഗവും പൂർത്തീകരണത്തിലാണ്. ഈ സാമ്പത്തികവർഷം കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ക്ഷീരവികസന ഓഫീസർ, ശിശുവികസന പദ്ധതി ഓഫീസർ, മെഡിക്കൽ ഓഫീസർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റന്റ് എൻജിനീയർ, ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ പദ്ധതികൾ പലതും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിലെ കുടിവെള്ളപദ്ധതികളാണ് പൂർത്തീകരണത്തിൽ പുറകിലുള്ളത്. ജലദൗർലഭ്യം തന്നെയാണ് പ്രധാന ഘടകം. എന്നാലും സ്പിൽഓവർ ആയി ഈ പദ്ധതികൾ തുടരണമെന്ന് തന്നെയാണ് ഈ ബജറ്റിൽ ഉദ്ദേശിക്കുന്നത്.

## മേഖലാതല വിഭജനവും നിർബന്ധിത വകയിരുത്തലും

### കല, സാംസ്കാരികം

വജ്രജൂബിലി ഫെല്ലോഷിപ്പ് കലാകാരന്മാർക്ക് ഓണറേറിയം നൽകുന്നതിനായി മുൻവർഷത്തിലെ പോലെ തന്നെ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. അനൗപചാരിക സർവ്വകലാശാലകളായ വായനശാലകൾക്ക് മുൻവർഷങ്ങളിൽ നമ്മൾ എൽ.സി.ഡി പ്രോജക്ടറും , ഫർണ്ണിച്ചറുകളും നൽകുന്നതിനായി പണം ചെലവഴിച്ചിട്ടുണ്ട്. സമ്പൂർണ്ണ ഭരണഘടന സാക്ഷരത ക്യാമ്പയിൻ, ഭിന്നശേഷി കലാമേള, വയോജന കലാമേള, വനിതാ സാംസ്കാരികോത്സവം, മുതലായ പദ്ധതികൾ ആവിഷ്കരിച്ച്

നടപ്പിലാക്കുന്നതിനും ആവശ്യമായ തുക ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഈ വർഷം വകയിരുത്തിയിട്ടുണ്ട്.

**ഉത്പാദന മേഖല**

ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കുക, സുസ്ഥിര കാർഷിക വികസനം സാധ്യമാക്കുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി നെൽവിത്തും കൂലിച്ചിലവും, വനിത സ്വയം സഹായ സംഘങ്ങൾക്ക് പച്ചക്കറി തൈ വിതരണം , പച്ചക്കറി കൃഷി മേഖലയിൽ സ്വയംപര്യാപ്തത നേടുന്നതിനായി പച്ചക്കറി തൈകൾ വിതരണം ചെയ്യൽ മുതലായ പദ്ധതികൾക്ക് 1,15,74,240/– (ഒരു കോടി പതിനഞ്ച് ലക്ഷത്തി എഴുപത്തി നാലായിരത്തി ഇരുന്നൂറ്റി നാൽപത് ) രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**പശ്ചാത്തല മേഖല**

പശ്ചാത്തലമേഖലയിൽ ജനറൽ വിഭാഗത്തിൽ 96,45,200/–(തൊണ്ണൂറ്റി ആറ് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി ഇരുന്നൂറ് ) രൂപയും പട്ടികജാതി വിഭാഗത്തിൽ 75,74,700/- (എഴുപത്തി അഞ്ച് ലക്ഷത്തി എഴുപത്തി നാലായിരത്തി എഴുന്നൂറ് ) രൂപയും പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്.

**മെയിന്റനൻസ് ഗ്രാന്റ്**

ബ്ലോക്ക്പഞ്ചായത്തിന്റേയും വിട്ടുകിട്ടിയ സ്ഥാപനത്തിന്റേയും ആസ്തികളും മറ്റു പശ്ചാത്തലസൗകര്യങ്ങളും വികസിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമാണ് ഈ ഫണ്ട് ചെലവഴിക്കേണ്ടത്. 2026-27 സാമ്പത്തികവർഷത്തിലേയ്ക്ക് ഇതിനായി

അനുവദിക്കപ്പെട്ട തുക 49,92,000/- (നാൽപത്തി ഒമ്പത് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം ) രൂപയാണ്. ബ്ലോക്ക്ഘടക സ്ഥാപനങ്ങളിലെ ആവശ്യമായ സ്റ്റേഷനറികൾ, ഓഫീസ് വാഹനങ്ങളുടെ ഇന്ധനചെലവ്, ടെലിഫോൺ ബിൽ, വൈദ്യുതിബിൽ തുടങ്ങിയ ചെലവുകൾ മെയിന്റനൻസ് ഫണ്ടിൽ നിന്നാണ് കണ്ടെത്തുന്നത്.

## <u>കേരളോത്സവം</u>

യുവജനക്ഷേമബോർഡിന്റെ സഹായത്തോടെ ബ്ലോക്ക് പഞ്ചായത്തിലെ യുവജനങ്ങളുടെ കലാകായിക കഴിവുകൾ പ്രകടിപ്പിക്കാനും പരിപോഷിപ്പിക്കുവാനുമാണ് കേരളോത്സവം എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതിന്റെ നടത്തിപ്പിലേയ്ക്കായി സംസ്ഥാന യുവജനക്ഷേമബോർഡിൽ നിന്നും 1,00,000/- (ഒരു ലക്ഷം) രൂപ പ്രതീക്ഷിക്കുന്നു. ബ്ലോക്കിന്റെ ജനറൽ പർപ്പസ് ഗ്രാന്റ് ഫണ്ടിൽ നിന്ന് 1,50,000/- (ഒരു ലക്ഷത്തി അമ്പതിനായിരം) രൂപയും ഈ ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

## <u>എം.എൽ.എ. എസ്.ഡി.എഫ്.</u>

ചൊവ്വന്നൂർ ബ്ലോക്ക്പഞ്ചായത്തിന്റെ കീഴിൽ 2 അസംബ്ലി നിയോജകമണ്ഡലങ്ങളാണ് വരുന്നത്; കുന്നംകുളവും മണലൂരും. കുന്നംകുളത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ. ശ്രീ.എ.സി. മൊയ്തീൻ അവർകളാണ്. ഇതിന്റെ പ്രത്യേക ആനുകൂല്യം നമുക്ക് ലഭിക്കുന്നു് എന്ന വസ്തുത നമുക്ക് മറച്ചുവയ്ക്കാൻ കഴിയുന്നതല്ല. നമ്മുടെ ഏത് വികസനപ്രശ്നങ്ങളും എളുപ്പം പരിഹരിക്കാൻ കഴിയുന്നു എന്നത് തന്നെയാണ് നേരത്തെ സൂചിപ്പിച്ച പ്രത്യേക ആനുകൂല്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഒട്ടേറെ വികസന പ്രവർത്തനങ്ങൾക്ക് കുന്നംകുളം വേദിയാകുന്നു എന്നത്

അഭിമാനാർഹം തന്നെയാണ്.  അടുത്ത സാമ്പത്തികവർഷവും ഏകദേശം എംഎൽഎ പ്രത്യേക വികസനനിധിയിൽ നിന്ന് 30  ലക്ഷം രൂപ ബ്ലോക്ക്പഞ്ചായത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2025-26 സാമ്പത്തിക വർഷത്തിൽ 1203  പ്രവൃത്തികൾ ഏറ്റെടുക്കുകയും 2,86,425 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. 1289 കുടുംബങ്ങൾക്ക്  100 ദിവസം തൊഴിൽ നൽകുവാനും ആകെ 1319.01 കോടി  രൂപ ചെലവഴിക്കാനും അതിൽ 1059.24  കോടി രൂപ വേതന ഇനത്തിലും 146.44 കോടി  രൂപ മെറ്റീരിയൽ ഇനത്തിലും ചെലവഴിച്ചു. 113.34 ലക്ഷം  രൂപ ഭരണ നിർവഹണത്തിനും ഉപയോഗിച്ചു. പട്ടികജാതി വിഭാഗത്തിലെ 1802 കുടുംബങ്ങൾക്ക്  തൊഴിൽ നൽകുവാൻ കഴിഞ്ഞു. 505 പട്ടികജാതി കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽനൽകുവാനും കഴിഞ്ഞു. മെറ്റീരിയൽ ഇനത്തിൽ 12.15 % തുക **ചെലവഴിച്ചിട്ടുണ്ട്.** റോഡ് കോൺക്രീറ്റിംഗ്, തരിശുഭൂമി കൃഷിയോഗ്യമാക്കൽ,തോട് സംരക്ഷണം, കിണർ നിർമ്മാണം ,തൊഴുത്ത് നിർമ്മാണം,  **ഫാം പോണ്ട്** നിർമ്മാണം, കയർ ഭൂവസ്ത്രം  ഉപയോഗിച്ച് തോട് സംരക്ഷണം,ഐ എ വൈ /എസ് സി വീടുകൾക്ക് 90 ദിവസം തൊഴിൽ നൽകൽ എന്നീ പ്രവൃത്തികളാണ് ഏറ്റെടുത്തിരിക്കുന്നത്. ഫാം **പോണ്ട്**-2, തൊഴുത്ത്–11, ആട്ടിൻകൂട്–7, കോഴിക്കൂട്–8, കംപോസ്റ്റ് പിറ്റ്–2, സോക്ക് പിറ്റ്–53, എന്നീ പ്രവൃത്തികൾ ആരംഭിക്കുവാനും സാധിച്ചു.ബ്ലോക്ക് പരിധിയിൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് എടുത്തിട്ടുള്ള കുടുംബങ്ങൾക്ക് 2025-26  വർഷം ശരാശരി 61.99  ദിവസത്തെ തൊഴിൽ നൽകുവാൻ സാധിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും വിവിധ വകുപ്പുകളുടെയും സഹായത്തോടെ ഭവന നിർമ്മാണ സഹായം നൽകിയ  കുടുംബങ്ങൾക്ക് 90 ദിവസം തൊഴിൽ നൽകുകയും ചെയ്തു

2026-27 സാമ്പത്തിക വർഷത്തിൽ 349533 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും 2468 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകുന്നതിനും 20.87കോടി രുപ ചെലവഴിക്കുന്നതിനും പ്ലാൻ തയ്യാറാക്കി ജില്ലയിലേക്ക് **സമർപ്പിച്ചിട്ടുണ്ട്.**

ഈ ഭരണ സമിതി അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെയുള്ള പ്രവർത്തനങ്ങളിൽ ഒത്തൊരുമയോട് കൂടി ചേർന്നുനിന്ന് വികസന പ്രവർത്തനങ്ങൾ സാധ്യമാക്കുന്നതിന് വേണ്ടിപ്രവർത്തിച്ച ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, ചെയർപേഴ്സൺമാർ, ജനപ്രതിനിധികൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ആസൂത്രണസമിതി അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, മറ്റു ജീവനക്കാർ എന്നിവരേയും പ്രത്യേകം നന്ദി അറിയിക്കുന്നു.

വരുംകാല പ്രവർത്തനങ്ങളിൽ നിങ്ങൾ ഓരോരുത്തരുടേയും അകമഴിഞ്ഞ സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചു കൊണ്ടും വിമർശനാത്മകമായ ചർച്ചക്കും അംഗീകാരത്തിനുമായി ഈ ബഡ്ജറ്റ് സമർപ്പിക്കുന്നു.

(ഒപ്പ്)
**സീമി കെ ആർ.**
ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി
& വൈസ് പ്രസിഡന്റ്
**ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്**

# ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് ബജറ്റ് 2026-27

| Opening balance | 18493411 | | |
|---|---|---|---|
| **കാറ്റഗറി എ പ്ലാൻ ഫണ്ട്** | 2026-27 | | |
| | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് | മിച്ചം |
| വികസന ഫണ്ട് ജനറൽ | 48226000 | 48226000 | 0 |
| വികസന ഫണ്ട് എസ്.സി.പി | 25249000 | 25249000 | 0 |
| ടി.എസ്.പി | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ അടിസ്ഥാന ഗ്രാന്റ് | 4661000 | 4661000 | 0 |
| ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ ഗ്രാന്റ് | 6991000 | 6991000 | 0 |
| പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം ജനറൽ | 12670000 | 12670000 | 0 |
| പി.എം.എ വൈ ഗ്രാമപഞ്ചായത്ത് വിഹിതം എസ്.സി | 2100000 | 2100000 | 0 |
| പി.എം.എ.വൈ ജില്ലാപഞ്ചായത്ത് വിഹിതം ജനറൽ | 17738000 | 17738000 | 0 |
| പി.എം.എ.വൈ ജില്ലാപഞ്ചായത്ത് വിഹിതം എസ്.സി | 1890000 | 1890000 | 0 |
| എസ്.സി ഡിപാർട്ട് മെന്റ് വിഹിതം | 1050000 | 1050000 | 0 |
| **കാറ്റഗറി സി** | | | |
| മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) | 4992000 | 4992000 | 0 |
| **കാറ്റഗറി ഡി** | | | |
| ജനറൽ പർപ്പസ് ഫണ്ട് | 10148000 | 11703000 | -1555000 |
| മറ്റു വരവുകൾ | 180000 | 180000 | 0 |

| | | | |
|---|---|---|---|
| **കാറ്റഗറി ഇ** | | | |
| MGNREGS | 208700000 | 208700000 | 0 |
| MPLAD | 5000000 | 5000000 | 0 |
| MLA SDF | 3000000 | 3000000 | 0 |
| PMAY Central Share (ജനറൽ) | 21720000 | 21720000 | 0 |
| PMAY Central Share (എസ്.സി) | 3600000 | 3600000 | 0 |
| യുവജനക്ഷേമ ബോർഡ് ഗ്രാന്റ് | 60000 | 60000 | 0 |
| സ്പിൽ ഓവർ പ്രോജക്ടുകളുടെ പ്രതിക്ഷിത ചെലവ് | 0 | 13323172 | **0** |
| **ആകെ** | **396468441** | **392853172** | **3615269** |

# Chowannur Block Development Office

# Form 1

2026-2027 NEW BUDGET

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Opening Balance** | | **31478099** | **18493441** |
| | **Revenue Receipt - 1** | | | |
| | **Fees and User Charges - 140** | | | |
| 1 | 1402003 Other Penalities and Fines | | 25000 | 30000 |
| | **Total Fees and User Charges** | | **25000** | **30000** |
| | **Sale and Hire Charges - 150** | | | |
| 2 | 1501102 Receipts from Sale of Tender Forms | | 0 | 150000 |
| | **Total Sale and Hire Charges** | | **0** | **150000** |
| | **Revenue Grants, Contributions and Subsidies - 160** | | | |
| 3 | 1601023 General Purpose Fund | | 8867000 | 10148000 |
| | **Total Revenue Grants, Contributions and Subsidies** | | **8867000** | **10148000** |
| | **Total Revenue Receipt** | | **8892000** | **10328000** |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Capital Receipt - 2** | | | |
| | **Grants, Contribution for Specific Purposes - 320** | | | |
| 4 | 3201004 Central Finance Commission Grant - Tied | | 3495500 | 6991000 |
| 5 | 3201005 Central Finance Commission Grant - Untied | | 2330500 | 4661000 |
| 6 | 3201011 Prime Minister S Awas Yojana (PMAY) - General | | 9600000 | 21720000 |
| 7 | 3201013 Prime Minister'S Awas Yojana (S.C.P) | | 2040000 | 3600000 |
| 8 | 3201023 Member Of Parliament Local And Development Scheme | | 0 | 5000000 |
| 9 | 3201027 Swaccha Bharat Mission - Grameen | | 420000 | 0 |
| 10 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | | 168000000 | 208700000 |
| 11 | 3202001 Development Fund - General | | 33555390 | 48226000 |
| 12 | 3202002 Development Fund - Special Component Plan | | 24483309 | 25249000 |
| 13 | 3202007 Development Fund- Road Renovation Additional Fund | | 24112000 | 0 |
| 14 | 3202010 Maintenance Fund - Non-Road Assets | | 6258000 | 4992000 |
| 15 | 3202017 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Local Area Development Fund For Members Of Legislative Assembly | | 0 | 3000000 |
| 16 | 3203001 Grant from Other Government Agencies | | 0 | 1050000 |
| 17 | 3205001 Grant from Welfare Bodies | | 0 | 60000 |
| 18 | 3209001 Contribution to Joint Venture Projects from District Panchayat | | 9506000 | 19628000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 19 | 3209003 Contribution to Joint Venture Projects from Grama Panchayat | | 8360784 | 14770000 |
| | **Total Grants, Contribution for Specific Purposes** | | **292161483** | **367647000** |
| | **Redemption - 431** | | | |
| 20 | 4315002 Receivables from Government (redemption amount) | | 8100694 | 0 |
| | **Total Redemption** | | **8100694** | **0** |
| | **Total Capital Receipt** | | **300262177** | **367647000** |
| | **Revenue Expenditure - 3** | | | |
| | **Establishment Expenses - 210** | | | |
| 21 | 2101004 Salaries - Contract Staff | | 1096000 | 2111000 |
| 22 | 2101005 Salaries - Temporary Staff | | 570000 | 627000 |
| 23 | 2101101 Wages | | 0 | 400000 |
| 24 | 2101501 Festival Allowance | | 10000 | 15000 |
| 25 | 2102008 Other allowances - Permanent Staff | | 40000 | 50000 |
| 26 | 2102014 Monthly Honorarium and Sitting Allowance -Councillors/ Members | | 2000000 | 3800000 |
| 27 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | | 75000 | 200000 |
| | **Total Establishment Expenses** | | **3791000** | **7203000** |
| | **Administrative Expenses - 220** | | | |
| 28 | 2201101 Office Electricity Expenses | | 50000 | 60000 |
| 29 | 2201102 Water Charges - Office | | 35000 | 40000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 30 | 2201199 Other Office Maintenance Expenses | | 100000 | 200000 |
| 31 | 2201201 Telephone Expenses/ Internet Charges | | 75000 | 90000 |
| 32 | 2201202 Postage Expenses | | 0 | 20000 |
| 33 | 2202101 Printing & Stationery | | 250000 | 275000 |
| 34 | 2204001 Insurance | | 50000 | 0 |
| 35 | 2204002 Insurance - Vehicles | | 0 | 60000 |
| 36 | 2206001 Newspaper Advertisement Charges | | 90000 | 150000 |
| 37 | 2206101 Membership & Subscriptions | | 10200 | 20000 |
| 38 | 2208001 Festival Expenses | | 350000 | 360000 |
| 39 | 2208099 Miscellaneous Administration Expenses | | 235000 | 300000 |
| | **Total Administrative Expenses** | | **1245200** | **1575000** |
| | **Operation and Maintenance - 230** | | | |
| 40 | 2301002 Fuel Charges | | 480000 | 530000 |
| 41 | 2305301 Repairs & Maintenance - Vehicles | | 225000 | 260000 |
| 42 | 2305902 Repairs & Maintenance - Office Equipments | | 75000 | 85000 |
| 43 | 2305909 Other Repairs & Maintenance | | 100000 | 125000 |
| 44 | 2308013 Sanitation Expenses | | 70000 | 150000 |
| 45 | 2308201 Refreshment Charges | | 225000 | 275000 |
| | **Total Operation and Maintenance** | | **1175000** | **1425000** |
| | **Programe Expenses - 250** | | | |
| 46 | 2502001 Expenditure on Poverty Eradication Program | | 168000000 | 208700000 |
| | **Total Programe Expenses** | | **168000000** | **208700000** |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Expenses Related to Productive Sector - 251** | | | |
| 47 | 2510101 Agriculture - Paddy | | 6183160 | 0 |
| 48 | 2510104 Agriculture - Vegetables | | 600000 | 0 |
| 49 | 2510107 Agriculture - Fruits and Fruit Trees | | 395000 | 0 |
| 50 | 2510305 Dairy Development - Milk Incentives | | 970000 | 0 |
| 51 | 2510802 Water Conservation | | 3618791 | 0 |
| 52 | 2511101 Entreprenuership Development/ Promotion | | 1200000 | 0 |
| 53 | 2511301 Self Employment and Marketing Promotion | | 300000 | 0 |
| | **Total Expenses Related to Productive Sector** | | **13266951** | **0** |
| | **Expenses Related to Service Sector - 252** | | | |
| 54 | 2520107 Education-Related Activities | | 2390000 | 0 |
| 55 | 2520502 Arts,Culture,Sports and Youth Welfare-Infrastructure | | 500000 | 0 |
| 56 | 2520503 Arts,Culture,Sports and Youth Welfare-Promotion | | 630000 | 60000 |
| 57 | 2520618 Medical Institution - Allopathy | | 13504589 | 0 |
| 58 | 2520702 Drinking Water - Public | | 500000 | 0 |
| 59 | 2520801 Housing & House Electrification - Individual | | 45730096 | 0 |
| 60 | 2520903 Women Welfare | | 1800000 | 0 |
| 61 | 2520904 Welfare of the Aged | | 43534 | 0 |
| 62 | 2520905 Welfare Programs for the Destitute | | 90000 | 0 |
| 63 | 2520906 Welfare Programs for Physically/ Mentally Challenged | | 3200000 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 64 | 2521001 Anganwadi Nutrition | | 1200000 | 0 |
| 65 | 2521201 Vocational Capacity Building - Vocational Training | | 785000 | 0 |
| 66 | 2521302 Energy Conservation - Non-Conventional Energy | | 600000 | 0 |
| 67 | 2521402 Electricity Line - Transformer - Voltage Improvement | | 100000 | 0 |
| 68 | 2521601 Local Government Service Delivery Improvement | | 234000 | 0 |
| 69 | 2521602 Payments to IKM | | 66836 | 0 |
| 70 | 2521701 Allied Institution Service Delivery Improvement | | 315000 | 0 |
| 71 | 2521903 Public Sanitation - Related Activities | | 14745 | 0 |
| 72 | 2521905 Toilet (Institution Level) | | 420225 | 0 |
| 73 | 2521906 Toilet (Public/Community Level) | | 130604 | 0 |
| 74 | 2522001 Plan Formulation, Implementation and Monitoring | | 350000 | 0 |
| 75 | 2522306 Solid Waste Management - Processing - Institution | | 199260 | 0 |
| 76 | 2522308 Solid Waste Management - Processing - Centralised | | 3327930 | 0 |
| | **Total Expenses Related to Service Sector** | | **76131819** | **60000** |
| | **Expenses Related to Infrastructure Sector - 253** | | | |
| 77 | 2530101 Street Lights | | 2738586 | 0 |
| 78 | 2530102 Office Electrification | | 200000 | 0 |
| 79 | 2530201 Roads | | 1000000 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 80 | 2530203 Bridges | | 450000 | 0 |
| 81 | 2530501 Vehicle Rent for Engineering Wing | | 485850 | 0 |
| | **Total Expenses Related to Infrastructure Sector** | | **4874436** | **0** |
| | **Total Revenue Expenditure** | | **268484406** | **218963000** |
| | **Capital Expenditure - 4** | | | |
| | **Refund of Deposits - 340** | | | |
| 82 | 3401003 Retention | | 50000 | 60000 |
| | **Total Refund of Deposits** | | **50000** | **60000** |
| | **Payment of Recoveries - 350** | | | |
| 83 | 3508001 Liability in respect of Stale Cheque | | 9174 | 0 |
| | **Total Payment of Recoveries** | | **9174** | **0** |
| | **Fixed Assets - 410** | | | |
| 84 | 4101002 Grounds | | 500000 | 0 |
| 85 | 4101008 Public well | | 1264072 | 0 |
| 86 | 4102002 Administrative Buildings | | 100000 | 0 |
| 87 | 4102016 Other Buildings | | 3586592 | 0 |
| 88 | 4102019 Free Style Open Gym | | 1902423 | 0 |
| 89 | 4103001 Concrete Roads | | 1900000 | 0 |
| 90 | 4103002 Black Topped Roads | | 28184959 | 0 |
| 91 | 4103003 Interlocked Roads | | 500000 | 0 |
| 92 | 4103007 Other Roads | | 200000 | 0 |
| 93 | 4103008 Bridges | | 250000 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 94 | 4103012 Side Walls | | 1398000 | 0 |
| 95 | 4103099 Other Constructions | | 50000 | 0 |
| 96 | 4103102 Drainage | | 2074500 | 0 |
| 97 | 4103204 Distribution & Regulation System - Water Supply | | 700000 | 0 |
| 98 | 4103302 Street Light | | 5463000 | 0 |
| 99 | 4104001 Plant & Machinery | | 300000 | 0 |
| 100 | 4106002 Computers, Printers & Peripherals | | 892462 | 0 |
| 101 | 4108001 Other Fixed Assets | | 3229247 | 8000000 |
| | **Total Fixed Assets** | | **52495255** | **8000000** |
| | **Loans, Advances and Deposits - 460** | | | |
| 102 | 4605005 Advance to Mahatma Gandhi NREGS/ AUEGS | | 1100000 | 1500000 |
| 103 | 4606001 Electricity Deposits | | 0 | 60000 |
| | **Total Loans, Advances and Deposits** | | **1100000** | **1560000** |
| | **Total Capital Expenditure** | | **53654429** | **9620000** |
| | **Total Expenditure** | | **322138835** | **228583000** |
| | **Total Receipts** | | **309154177** | **377975000** |
| | **Balance** | | **18493441** | **167885441** |

# Chowannur Block Development Office

# Summary

2026-2027

| SN | Particulars | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 1 | Opening Balance | | 31478099 | 18493441 |
| 2 | Total Revenue Receipts | | 8892000 | 10328000 |
| 3 | Total Capital Receipts | | 300262177 | 367647000 |
| 4 | Total Receipts | | 309154177 | 377975000 |
| 5 | Grand Total | | 340632276 | 396468441 |
| 6 | Total Revenue Expenditure | | 268484406 | 218963000 |
| 7 | Total Capital Expenditure | | 53654429 | 9620000 |
| 8 | Total Expenditure | | 322138835 | 228583000 |
| 9 | Closing Balance | | 18493441 | 167885441 |
| 10 | Poverty Alleviation Fund | | 168000000 | 208700000 |